(എഫ്) മേല്പറഞ്ഞ 4, 5 എന്നീ ഇനങ്ങളിലെ സ്ഥാപനങ്ങൾ യോഗ്യരായ സർക്കാർ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രസ്തുത ജോലി അവരെ നേരിട്ട് ഏൽപ്പിക്കുകയാണ് ഉണ്ടായത്. എന്നാൽ മറ്റുള്ളവരെ കണ്ടെത്തുന്നതിന് ലോകബാങ്ക് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് മത്സര രീതിയിലുള്ള ധനകാര്യ നിർദ്ദേശങ്ങളും അവരവരുടെ യോഗ്യത തെളിയിക്കുന്ന രേഖകളും സ്വീകരിച്ച് അർഹരായവർക്ക് ജോലി ഏൽപ്പിച്ച് കൊടുക്കുകയാണുണ്ടായത്.

മിനിമം കൂലി നിശ്ചയിക്കാൻ നടപടി

27 (*205) ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് മിനിമം കൂലി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത് ;

(ബി) സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി ലഭിക്കാത്തതായ ഏതെങ്കിലും തൊഴിലാളി വിഭാഗം സംസ്ഥാനത്തുണ്ടോ ; എങ്കിൽ അവ ഏതെല്ലാം വിഭാഗമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിഭാഗത്തിന് മിനിമം കൂലി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) മിനിമം കൂലി പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ മേഖലകൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മിനിമം വേതനം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നടപടികൾ സ്വീകരിക്കാറുണ്ട്.

സഹകരണ സ്ഥാപനങ്ങളിലൂടെയുള്ള പാചകവാതക വിതരണം

28 (*206) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[1-3-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 27(*205)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

സംസ്ഥാനത്തെ തൊഴിലാളികളെ മിനിമം വേജസ് നിയമപരിധിക്കുള്ളിൽ കൊണ്ടുവരാൻ സാധിച്ചിട്ടുള്ള തൊഴിൽ മേഖലകളുടെ പട്ടിക

1. കയർ വ്യവസായം
2. കശുവണ്ടി വ്യവസായം
3. മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റുകൾ
4. ഓടുവ്യവസായം
5. കാർഷിക പ്രവർത്തനം
6. കമുകു കയറ്റവും ഡയറി ഫാമുകളും
7. ടിംബർ ആന്റ് പ്ലൈവുഡ്
8. സ്വകാര്യ ആശുപത്രികൾ
9. കള്ളുചെത്ത്
10. ഓയിൽ മില്ലുകൾ
11. കൊപ്രാ വ്യവസായം
12. ബീഡി ആന്റ് സിഗാർ
13. പ്രിന്റിംഗ് പ്രസ്സുകൾ
14. ആനകളുടെ പരിപാലനവും സംരക്ഷണവും
15. റൈസ് മില്ലുകൾ, ഫ്ളവർ മില്ലുകൾ, ദാൾ മില്ലുകൾ
16. ഐസ് ഫാക്ടറികൾ
17. തീപ്പെട്ടി വ്യവസായം
18. ഹോസ്റ്റലുകൾ
19. ബ്രിക്സ് നിർമ്മാണ മേഖല
20. മലഞ്ചരക്ക് വ്യവസായം
21. പ്ലാന്റേഷനുകൾ
22. മൈനർ പോർട്ടുകൾ
23. റബ്ബറുല്പന്ന വ്യവസായം
24. കടകളും വാണിജ്യ സ്ഥാപനങ്ങളും
25. റബ്ബർ ക്രേപ്പ് മില്ലുകൾ
26. മൈനർ എഞ്ചിനീയറിംഗ്
27. മത്സ്യ സംസ്കരണം
28. കൈത്തറി വ്യവസായം
29. എൽ.പി. ഗ്യാസ് ഏജൻസീസ്
30. ഹാന്റ് ലൂം വ്യവസായത്തിലെ മാസശമ്പളക്കാർ
31. ലൈറ്റ് മോട്ടോർ വെഹിക്കിൾസ്
32. ആയുർവേദ അലോപ്പതി മരുന്നുണ്ടാക്കൽ
33. സിനിമാ തീയേറ്ററുകൾ

LIBRARY ARCHIVES Kerala Legislative Assembly